# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2157** **05.05.2017-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനസഹായങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.വി.ഡി.സതീശൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് വിവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയും വിദ്യാഭ്യാസ സ്ഥാപനത്തോടനുബന്ധിച്ച് ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത സാഹചര്യത്തിൽ സ്വകാര്യ ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് നൽകി വരുന്ന അതേ നിരക്കിൽ ഹോസ്റ്റൽ ഫീസും നൽകി വരുന്നു. 2016-17 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ അനുവദിക്കുകയുണ്ടായി. 2016-17 വർഷത്തെ വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള കുടിശ്ശിക നൽകുന്നതിനായി ഈ സാമ്പത്തിക വർഷം 650 ലക്ഷം രൂപ വിവിധ ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ബി) എന്തെല്ലാം പഠനസഹായങ്ങളാണ് ഈ വിദ്യാർത്ഥികൾക്ക് നൽകുന്നത്; വിശദീകരിക്കുമോ; | ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് താഴെപ്പറയുന്ന പഠന സഹായങ്ങളാണ് നൽകിവരുന്നത്.<br>1. പട്ടികജാതി വകുപ്പ് നൽകുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അതേ നിരക്കിൽ മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്കു നൽകുന്ന പദ്ധതി. |

2. മാതാപിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്കു ഉന്നത വിദ്യാഭ്യാസം നൽകുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതി.

3. സർക്കാർ സ്കൂളുകളിൽ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന 2000 മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൗജന്യ ബൈസിക്കിൾ വിതരണം ചെയ്യുന്ന പദ്ധതി.

4. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കു സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.

| | |
|---|---|
| സി) ഏതെല്ലാം ഏജൻസി വഴിയാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ? | സി) വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങളും മേൽപ്പറഞ്ഞ മറ്റ് ആനുകൂല്യങ്ങളും ഫിഷറീസ് വകുപ്പ് മുഖേനയാണ് നൽകി വരുന്നത്. സൗജന്യ ബൈസിക്കിൾ വിതരണം ചെയ്യുന്ന പദ്ധതി, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. |

**സെക്ഷൻ ആഫീസർ**